# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 07.08.2024** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. ത്രിരാഷ്ട്ര സന്ദർശനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂസിലൻഡിലെത്തും ; ഫിജിയുടെ പരമോന്നത പുരസ്കാരമായ കംപാനിയൻ ഓഫ് ദ ഓർഡർ ഇന്നലെ രാഷ്ട്രപതി സ്വീകരിച്ചു.

   President Draupadi Murmu, who continues trination visit, will arrive in New Zealand today; The President received Fiji's highest award, the Companion of the Order, yesterday.

2. ബംഗ്ലാദേശിൽ ഇടക്കാല സർക്കാരിന്റെ തലവനായി നൊബേൽ സമ്മാന ജേതാവ് മൊഹമ്മദ് യുനുസിനെ പ്രസിഡൻറ് നിയമിച്ചു.

   The President appointed Nobel laureate Mohammad Yunus as the head of the interim government in Bangladesh.

3. പാരീസ് ഒളിംപിക്സിൽ വനിതാ ഗുസ്തിയിൽ ഇന്ത്യയുടെ വിനേഷ് ഫോഗട്ട് ഇന്ന് ഫൈനലിൽ മത്സരിക്കും . ഹോക്കിയിൽ വെങ്കല മെഡലിനായുള്ള ഇന്ത്യ - സ്പെയിൻ മത്സരം നാളെ.

   India's Vinesh Phogat will compete in the women's wrestling final at the Paris Olympics today. India vs Spain bronze medal match in hockey tomorrow.

4. വയനാട് ദുരന്തത്തിൽ കാണാതായവർക്കായുള്ള തെരച്ചിൽ ഇന്നും തുടരും.

   The search for those missing in the Wayanad disaster will continue today.

5. ഇന്ന് ദേശീയ കൈത്തറി ദിനം ; കൈത്തറി മേഖലയിലെ മികച്ച സംഭാവനകൾക്കുള്ള പുരസ്കാരങ്ങൾ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ വിതരണം ചെയ്യും.

**Today is National Handloom Day; Vice President Jagdeep Dhankar will distribute awards for outstanding contributions in the field of handloom.**

************************************

## DROUPADI MURMU – TRI NATION VISIT

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി ഫിജിയിലെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമു സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ ഇന്ന് ന്യൂസിലൻഡിൽ എത്തും. ശനിയാഴ്ച തിമോർ - ലെസ്റ്റെയും ശ്രീമതി മുർമു സന്ദർശിക്കും. ഇന്നലെ ഫിജിയുടെ പരമോന്നത പുരസ്ക്കാരമായ കംപാനിയൻ ഓഫ് ദ ഓർഡർ ബഹുമതി രാഷ്ട്രപതി സ്വീകരിച്ചു. ഫിജി പാർലമെന്റിനെ ശ്രീമതി മുർമു അഭിസംബോധന ചെയ്തു. ഇന്നലെ നടന്ന നയതന്ത്ര, ഉഭയകക്ഷി കൂടിക്കാഴ്ചകൾക്ക് ശേഷം, രാഷ്ട്രപതി ദ്രൗപദി മുർമു ദേശീയ യുദ്ധസ്മാരകത്തിൽ പുഷ്പചക്രം അർപ്പിക്കുകയും സുവയിലെ മഹാത്മാഗാന്ധി ഹൈസ്കൂളിലെ മഹാത്മാഗാന്ധിയുടെ പ്രതിമയിൽ പുഷ്പാർച്ചന നടത്തുകയും ചെയ്തു. ഫിജിയൻ പ്രസിഡൻറ് വില്യം കെറ്റോണിവെ നൽകിയ വിരുന്നിൽ രാഷ്ട്രപതി പങ്കെടുത്തു. ഫിജിയുടെ തലസ്ഥാനമായ സുവയിൽ ഇന്ത്യൻ സമൂഹം നൽകിയ സ്വീകരണത്തിലും രാഷ്ട്രപതി ദ്രൗപദി മുർമു പങ്കെടുത്തു.

************************************

## BANGLADESH – INTERIM GOVT

ബംഗ്ലാദേശിൽ ഇടക്കാല ഭരണകൂടത്തിൻറെ തലവനായി നൊബേൽ സമ്മാന ജേതാവ് മൊഹമ്മദ് യുനുസിനെ നിയമിച്ചു. ധാക്കയിൽ പ്രസിഡന്റിൻറെ കൊട്ടാരമായ

ബംഗഭബനിൽ മൂന്ന് സൈനിക മേധാവികൾ, വിവേചന വിരുദ്ധ വിദ്യാർത്ഥി പ്രസ്ഥാനത്തിൻറെ 13 അംഗ പ്രതിനിധി സംഘം എന്നിവരുമായി നടത്തിയ ചർച്ചകൾക്ക് ശേഷം പ്രസിഡൻറ് മൊഹമ്മദ് ഷഹാബുദ്ദീനാണ് മൊഹമ്മദ് യുനുസിനെ ഇടക്കാല സർക്കിന് നേതൃത്വം നൽകാനായി നിയോഗിച്ചത്. ഇടക്കാല സർക്കാറിലെ മറ്റ് അംഗങ്ങളെ വിവിധ രാഷ്ട്രീയ കക്ഷികളുമായി ആശയവിനിമയം നടത്തിയ ശേഷം തീരുമാനിക്കും. ഇന്നലെ പ്രസിഡൻറ് പാർലമെൻ്റ് പിരിച്ചുവിട്ടിരുന്നു. മുൻ പ്രധാനമന്ത്രി ഖാലിദ സിയയെ വീട്ടുതടങ്കലിൽ നിന്നും മോചിപ്പിച്ചു. സംവരണ വിരുദ്ധ പ്രക്ഷോഭം ശക്തമായതിനെ തുടർന്ന് ഷെയ്ഖ് ഹസീന പ്രധാനമന്ത്രി പദം രാജിവച്ച് ഇന്ത്യയിലെത്തിയിരുന്നു.

*********************************************

## BANGLADESH – JAISANKAR

ബംഗ്ലാദേശിലെ ഇന്ത്യൻ പൗരന്മാരുമായി ഇന്ത്യ നിരന്തരം സമ്പർക്കം പുലർത്തുന്നുണ്ടെന്ന് വിദേശകാര്യമന്ത്രി എസ്.ജയ്ശങ്കർ. നയതന്ത്ര കാര്യാലയം വഴിയാണ് ഇത് ചെയ്യുന്നത്. ബംഗ്ലാദേശിലെ ന്യൂനപക്ഷങ്ങളുടെ അവസ്ഥയും സസൂക്ഷ്മം നിരീക്ഷിക്കുന്നുണ്ടെന്ന് പാർലെൻറിലെ ഇരുസഭകളിലും നടത്തിയ പ്രസ്താവനയിൽ ശ്രീ.ജയ്ശങ്കർ പറഞ്ഞു. 9,000 വിദ്യാർത്ഥികൾ ഉൾപ്പെടെ 19,000-ൽപരം ഇന്ത്യക്കാരാണ് ബംഗ്ലാദേശിലുള്ളത്. ഭൂരിഭാഗം വിദ്യാർത്ഥികളും കഴിഞ്ഞ മാസം തന്നെ ഇന്ത്യയിലേക്ക് മടങ്ങി. രാജിവച്ച ശേഷം പ്രധാനമന്ത്രി ഷെയ്ഖ് ഹസീന ഇന്ത്യയിലേക്ക് വരാൻ അനുമതി തേടുകയായിരുന്നുവെന്ന് ജയ്ശങ്കർ അറിയിച്ചു.

*********************************************

## JAISHANKAR BILATERAL

സെൻറ് കിറ്റ്സ് ആൻറ് നെവിസ് വിദേശകാര്യമന്ത്രി ഡെൻസിൽ ഡഗ്ലസുമായി ഇന്ത്യൻ വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ ഇന്നലെ

കൂടിക്കാഴ്ച നടത്തി. ന്യൂഡൽഹിയിൽ നടന്ന കൂടിക്കാഴ്ചയിൽ ആരോഗ്യം, ഭക്ഷ്യ സുരക്ഷ, ഡിജിറ്റൽ മേഖല തുടങ്ങിയവയിലെ ഉഭയകക്ഷി സഹകരണം വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് ആശയവിനിമയം നടന്നു. ഉഭയകക്ഷി രാഷ്ട്രീയ ചർച്ചകൾ ശക്തമാക്കാൻ ചർച്ചകൾ തുടരാനും ധാരണയായി.

*******************************************

## NATIONAL HANDLOOM DAY… INTRO

ഇന്ന് ദേശീയ കൈത്തറി ദിനം. കൈത്തറി മേഖലയുടെ പ്രാധാന്യവും രാജ്യത്തിന്റെ സാമൂഹ്യ - സാമ്പത്തിക വികസനത്തിൽ മേഖലയുടെ സംഭാവനകളെയും സംബന്ധിച്ച് അവബോധം സൃഷ്ടിക്കുകയാണ് ദിനാഘോഷത്തിലൂടെ ലക്ഷ്യമിടുന്നത്. **ഒരു റിപ്പോർട്ട്....**

(വോയ്സ്)

രാജ്യ തലസ്ഥാനമായ ന്യൂഡൽഹിയിലും രാജ്യമെമ്പാടും തന്നെ വിവിധ പരിപാടികൾ ദേശീയ കൈത്തറി ദിനത്തോടനുബന്ധിച്ച് സംഘടിപ്പിട്ടുണ്ട്. ന്യൂഡൽഹിയിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ സന്ത് കബീർ പുരസ്കാരങ്ങൾ വിതരണം ചെയ്യും. കൈത്തറി മേഖലയിലെ മികച്ച സംഭാവനകൾക്കുള്ള ദേശീയ കൈത്തറി പുരസ്കാരങ്ങളും കൈത്തറി തൊഴിലാഴികൾക്ക് സമ്മാനിക്കും. ഇന്ത്യയിലെ കൈത്തറി മേഖലയിലെ സുസ്ഥിരത സംബന്ധിച്ചുള്ള പുസ്തകവും ചടങ്ങിൽ ഉപരാഷ്ട്രപതി പ്രകാശനം ചെയ്യും. കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രി ഗിരിരാജ് സിംഗ്, വ്യവസായ മേഖലയിലെ പ്രതിനിധികൾ, കയറ്റുമതി രംഗത്തുള്ളവർ, രൂപകൽപന ചെയ്യുന്നവർ എന്നിവരുൾപ്പെടെ രാജ്യമെമ്പാടും നിന്നുള്ള ആയിരത്തിലധികം നെയ്ത്തുകാർ ചടങ്ങിൽ പങ്കെടുക്കും. **ന്യൂസ് ഡസ്ക്, ആകാശവാണി....**

*******************************************

## SBI – CHAIRMAN

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചെയർമാനായി സി എസ് സെട്ടിയെ കേന്ദ്ര സർക്കാർ നിയമിച്ചു. മൂന്ന് വർഷത്തേക്കാണ് നിയമനം. എസ് ബി ഐ യുടെ ഏറ്റവും മുതിർന്ന എം ഡിയാണ് സി എസ് സെട്ടി.

*********************************************

## JITENDRA SINGH

ലോകോത്തര നിലവാരത്തിലുള്ള ചെലവ് കുറഞ്ഞ ആരോഗ്യ സംരക്ഷണ കേന്ദ്രമായി ഇന്ത്യ ഉയർന്നുവരുന്നുവെന്ന് കേന്ദ്രമന്ത്രി ഡോ.ജിതേന്ദ്ര സിംഗ്. ഇന്നലെ ന്യൂ ഡൽഹിയിൽ നടന്ന ഗ്ലോബൽ മെഡ്ടെക് ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആരോഗ്യ ശാസ്ത്രത്തിൽ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കുന്നതിൽ ബയോടെക്നോളജി വകുപ്പ് കൈവരിച്ച നേട്ടങ്ങളും കേന്ദ്ര മന്ത്രി ചടങ്ങിൽ എടുത്തു പറഞ്ഞു.

*********************************************

## OLYMPICS–.. INTRO

പാരീസ് ഒളിംപിക്സിൽ വനിതകളുടെ 50 കിലോ ഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ ഇന്ത്യയുടെ വിനേഷ് ഫോഗട്ട് ഇന്ന് ഫൈനൽ മത്സരത്തിനിറങ്ങും. സെമിയിൽ ക്യൂബയുടെ യൂസ്നെലിസ് ഗുസ്മാൻ ലോപ്പസിനെ പരാജയപ്പെടുത്തിയാണ് വിനേഷ് ഫോഗട്ട് ഒളിമ്പിക് ഗുസ്തി ഫൈനലിലെത്തുന്ന ആദ്യ ഇന്ത്യൻ വനിതാ താരമായത്. **ഒളിമ്പിക്സ് വിശേഷങ്ങളുമായി പാരീസിൽ നിന്ന് ആകാശവാണിക്ക് വേണ്ടി വി.ശിവകുമാർ.....**

(വോയ്സ്)

ഇന്ന് നടക്കുന്ന ടേബിൾ ടെന്നീസ് മത്സരത്തിൽ മണിക ബത്ര, ശ്രീജ ആകുല, അർച്ചന കമത് എന്നിവർ മത്സരിക്കും. 49 kg ഭാരദ്വഹനത്തിൽ ഇന്ത്യയുടെ മീരാബായ് ചാനു ഇന്ന് മത്സരത്തിന് ഇറങ്ങും.

*********************************

## CRICKET – ODI

ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള മൂന്നാമത്തെ ഏകദിന ക്രിക്കറ്റ് ഇന്ന് കോളംബോയിലെ ആർ പ്രേമദാസ സ്റ്റേഡിയത്തിൽ നടക്കും. ഉച്ചയ്ക്ക് 2.30 ന് മത്സരം ആരംഭിക്കും. രണ്ടാം ഏകദിനം ജയിച്ച ശ്രീലങ്ക പരമ്പരയിൽ 1-0 ത്തിന് മുന്നിലാണ്. ആദ്യ മത്സരം സമനിലയിൽ കലാശിച്ചിരുന്നു. 1997 ന് ശേഷം ശ്രീലങ്കക്കെതിരെ ഒരു പരമ്പരയിലും ഇന്ത്യ തോറ്റിട്ടില്ല.

*********************************

## WAYANAD

വയനാട് ദുരന്തത്തിൽ കാണാതായവർക്കുള്ള തെരച്ചിൽ ഇന്നും തുടരും. 152 പേരെയാണ് ഇനിയും കണ്ടെത്താനുള്ളതെന്ന് മന്ത്രി കെ രാജൻ. നേരത്തെ പരിശോധന നടത്തിയ ഇടങ്ങളിൽ വീണ്ടും വിശദമായ പരിശോധന നടത്തും. സൺറൈസ് വാലിയിൽ പ്രത്യേക സംഘത്തിന്റെ പരിശോധന ഇന്നും ഉണ്ടാകും. സൂചിപ്പാറ വെള്ളച്ചാട്ടത്തിന് താഴെ ഹെലികോപ്റ്ററിൽ ഇറങ്ങിയ പ്രത്യേക സംഘം ഇന്നലെ പരിശോധന നടത്തിയിരുന്നു. അതേസമയം ക്യാമ്പുകളിൽ കഴിയുന്നവർക്ക് നഷ്ടപ്പെട്ട റേഷൻ കാർഡുകൾ വിതരണം ചെയ്യും.

*********************************

## AMOEBIC – FEVER

തിരുവനന്തപുരത്ത് അമീബിക്ക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച നെയ്യാറ്റിൻകര നെല്ലിമൂട് പ്രദേശത്ത് 39 പേർ നിരീക്ഷണത്തിലുണ്ടെന്ന് ആരോഗ്യവകുപ്പ്. രോഗം സ്ഥിരീകരിച്ച പേരൂർക്കട സ്വദേശിയ്ക്ക് രോഗം ബാധിച്ചത് എവിടെ നിന്നാണെന്ന് ഇതുവരെ കണ്ടെത്താനായിട്ടില്ല. രോഗ ബാധ റിപ്പോർട്ട് ചെയ്ത പ്രദേശം

തിരുവനന്തപുരം ഡിഎംഒ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.

**********************************

## RBI-INTEREST SUBVENTION

കൃഷി, മൃഗസംരക്ഷണം, ക്ഷിരോത്പാദനം, ഫിഷറീസ്, തേനീച്ച വളർത്തൽ തുടങ്ങിയ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്കായി ഹ്രസ്വകാല വായ്പകൾ അനുവദിക്കണമെന്ന് ബാങ്കുകൾക്ക് കേന്ദ്ര സർക്കാറിന്റെ നിർദ്ദേശം. ഏഴ് ശതമാനം പലിശ നിരക്കിൽ മൂന്ന് ലക്ഷം രൂപ വരെ അനുവദിക്കണമെന്നാണ് നിർദ്ദേശമുള്ളത്. പലിശ കൃത്യമായി തിരിച്ചടക്കുന്ന കർഷകർക്ക് മൂന്ന് ശതമാനം അധിക പലിശയിളവ് ലഭിക്കും. ഹ്രസ്വകാല വായ്പ ലഭ്യമാകാൻ ആധാർ ബന്ധിപ്പിക്കൽ നിർബന്ധമാണെന്ന് റിസർവ്വ് ബാങ്ക് അറിയിച്ചു.

**********************************

## AMRIT UDYAN

രാഷ്ട്രപതി ഭവനിലെ അമൃത് ഉദ്യാൻ ഈ മാസം 16 മുതൽ അടുത്തമാസം 15 വരെ പൊതുജനങ്ങൾക്ക് സന്ദർശിക്കാം. ഈ മാസം 14 ന് രാഷ്ട്രപതി ദ്രൗപദി മുർമു അമൃത് ഉദ്യാൻ വാർഷിക വേനൽ പതിപ്പിന് തുടക്കം കുറിക്കും. ദേശീയ കായിക ദിനത്തോടനുബന്ധിച്ച് ഓഗസ്റ്റ് 29 ന് കായിക രംഗത്തുള്ളവർക്ക് മാത്രമാകും പ്രവേശനം. സെപ്തംബർ 5 ന് അധ്യാപക ദിനത്തോടനുബന്ധിച്ച് അധ്യാപകർക്ക് മാത്രമായി പ്രവേശനം നിജപ്പെടുത്തും. രാഷ്ട്രപതി ഭവൻ വെബ്സൈറ്റിലൂടെയും നേരിട്ടെത്തുന്നവർക്ക് 35-ാം നമ്പർ ഗേറ്റിലെ കിയാസ്കുകൾ വഴിയും ടിക്കറ്റെടുക്കാം.

**********************************

## MEA LIBYA ADVISORY

ലിബിയയിലേക്ക് അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കണമെന്ന് വിദേശകാര്യമന്ത്രാലയം ഇന്ത്യൻ പൗരൻമാർക്ക് നിർദ്ദേശം നൽകി. ലിബിയയിലെ സ്ഥിതിഗതികൾ കണക്കിലെടുത്താണിത്. ലിബിയയിലുള്ള ഇന്ത്യക്കാർ ജാഗ്രത പുലർത്തണമെന്നും റോഡ് മാർഗമുള്ള പ്രവിശ്യാന്തര യാത്രകൾ ഒഴിവാക്കണമെന്നും നിർദ്ദേശമുണ്ട്. അടിയന്തര ഘട്ടത്തിൽ ട്രിപ്പോളിലെ ഇന്ത്യൻ നയതന്ത്രകാര്യാലയവുമായി ബന്ധപ്പെടാം. ഫോൺ നമ്പർ 21 89 43 99 20 46.

****************************************************************************************************************************************************************************************************